## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4640   23/07/2015-ൽ മറുപടിക്ക്**

## തോട്ടിയാർ ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ.ബേബി<br>,,എസ്. രാജേന്ദ്രൻ<br>,,ബി.ഡി.ദേവസ്സി<br>,,സാജു പോൾ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) തോട്ടിയാർ ജലവൈദ്യുത പദ്ധതി നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ; | (എ) തോട്ടിയാർ ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഈ പദ്ധതിയുടെ 31.86% സിവിൽ ജോലികളും 46.64 % ഇലക്ട്രോ മെക്കാനിക്കൽ ജോലികളും പൂർത്തിയായിട്ടുണ്ട്. |
| (ബി) ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിട്ടത് ; | (ബി) 40 മെഗാവാട്ട്. |
| (സി) പദ്ധതിയുടെ പണി എന്നാണ് ആരംഭിച്ചത് ; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കാനാണ് നിശ്ചയിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) 16/01/2009-ലാണ് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. കരാർ പ്രകാരം 19/05/2012-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായ കാലതാമസം മൂലം പദ്ധതി പൂർത്തിയാക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. 2016 സെപ്റ്റംബറിൽ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**